ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ
ഏറെ വൈകീടും

# ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.

## പാനൽ പ്രദർശനം




കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**






**ജനങ്ങളിൽ ദശകങ്ങളായി രൂപം കൊണ്ട സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള ആശയങ്ങളുടെയും ആഗ്രഹങ്ങളുടെയും സംക്ഷിപ്തരൂപങ്ങളായിരുന്നു ഭരണഘടനാ നിർമ്മാണസഭയിലെ ചർച്ചകൾ.**

**ദേശീയ പ്രസ്ഥാനത്തിൽ നിന്ന് ചരിത്രപരമായി വികസിച്ചു വന്നതാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




# ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു

**പരമാധികാര, സ്ഥിതിസമത്വ, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി**

സംവിധാനം ചെയ്യുവാനും

അതിലെ പൗരന്മാർക്കെല്ലാം

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ

**നീതിയും**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും

മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള

**സ്വാതന്ത്ര്യവും**

പദവിയിലും അവസരത്തിലും

**സമത്വവും**

സംപ്രാപ്തമാക്കുവാനും

അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും

രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും

ഉറപ്പുവരുത്തിക്കൊണ്ട്

**സാഹോദര്യം**

പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ,

നമ്മുടെ ഭരണഘടനാനിർമാണസഭയിൽ

ഈ 1949 നവംബർ ഇരുപത്തിയാറാം ദിവസം

ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും

നിയമമാക്കുകയും നമുക്കുതന്നെ

പ്രദാനം ചെയ്യുകയും ചെയ്യുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം
നാളെയാവുകിൽ ഏറെ വൈകീടും




## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




## നമ്മുടെ രാഷ്ട്രത്തിന്റെയും ജനതയുടെയും ജീവിതക്രമവും വ്യവഹാരങ്ങളും എങ്ങനെയാകണമെന്നതു സംബന്ധിച്ച അടിസ്ഥാന പ്രമാണമാണ്

# ഭരണഘടന

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.



**ഭരണഘടനയെന്ന
അടിസ്ഥാന പ്രമാണം
ഭൂതകാലത്തിൽ ഉണ്ടായി
അങ്ങനെതന്നെ നിലനിൽക്കുന്നതോ
നിലനിൽക്കേണ്ടതോ
ആയ ജഡരേഖയല്ല.**

**മറിച്ച് അത് കാലത്തിനൊപ്പം
സഞ്ചരിക്കേണ്ട, സജീവത
പുലർത്തേണ്ട രേഖയാണ്.**

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




**രാഷ്ട്രം ചില മൂല്യവ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകണമെന്ന് ഭരണഘടന നിശ്ചയിച്ചിട്ടുണ്ട്.**

**ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതിസമത്വം, രാഷ്ട്രത്തിന്റെ പരമാധികാരം, പൗരൻമാർക്ക് നിശ്ചിതമായ മൗലികാവകാശങ്ങൾ എന്നിവ അതിന്റെ ഭാഗമാണ്**


കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.






**രാജ്യത്തിന്റെ സാമൂഹിക, സാംസ്കാരിക വൈവിധ്യത്തെയും ബഹുസ്വരതയെയും പ്രതിഫലിപ്പിക്കുന്ന ശക്തമായ കേന്ദ്രസർക്കാരും ശക്തമായ സംസ്ഥാന, പ്രാദേശിക സർക്കാരുകളുമൊക്കെയുൾക്കൊള്ളുന്ന**

# ഫെഡറൽ സംവിധാനം

**ആ മൂല്യവ്യവസ്ഥയുടെ ഭാഗമാണ്.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

നാളെയാവുകിൽ
ഏറെ വൈകീടും




## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.



**സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നീതി, ചിന്തയ്ക്കും ആരാധനയ്ക്കും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം, പദവിയിലും അവസരങ്ങളിലുമുള്ള സമത്വം എന്നിവ രാഷ്ട്രജീവിതത്തിന്റെ അടിത്തറയാകണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.






# ഡോ.ബി.ആർ.അംബേദ്കർ

## അധ്യക്ഷനായുള്ള ഡ്രാഫ്റ്റിങ് കമ്മിറ്റിയാണ് ഭരണഘടനയ്ക്ക് രൂപം നല്കിയത്.

### 1946

**ഡിസംബർ 6**
ഭരണഘടനാനിർമാണസഭ നിലവിൽ വന്നു.

**ഡിസംബർ 9**
ആദ്യയോഗം ചേർന്നു.



**ഡിസംബർ 11**
ഡോ. രാജേന്ദ്രപ്രസാദ് ഭരണഘടനാ നിർമാണസഭയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു.

### 1947

**ആഗസ്റ്റ് 29**
ഡോ. ബി.ആർ. അംബേദ്കർ അധ്യക്ഷനായ ഏഴംഗ ഭരണഘടനാ ഡ്രാഫ്റ്റിങ് കമ്മിറ്റിയെ ഭരണഘടനാ അസംബ്ലി നിയോഗിച്ചു.

### 1948

**നവംബർ 4**
ഭരണഘടനയുടെ ആദ്യ ഡ്രാഫ്റ്റ് അംബേദ്കർ അസംബ്ലിയിൽ അവതരിപ്പിച്ചു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകിടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




# നമ്മൾ ജനങ്ങൾ

ജനങ്ങളുടെ പരിഗണനയ്ക്കും പ്രതികരണങ്ങൾക്കുമായി
കരടുഭരണഘടന വിജ്ഞാപനം ചെയ്തു.
7635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു.
ഇതിൽ 2473 ഭേദഗതികൾ ചർച്ചയ്ക്കെടുത്തു.

രണ്ടു വർഷവും 11 മാസവും 18 ദിവസവും
ഭരണഘടനനിർമാണസഭ പ്രവർത്തിച്ചു.
കരടുഭരണഘടനയും ഭേദഗതികളും ചർച്ച ചെയ്യാൻ
11 സെഷനുകളിലായി 114 ദിവസം
ഭരണഘടനാനിർമാണസഭ സമ്മേളിച്ചു.

1949 നവംബർ 26 ന് ഭരണഘടന അസംബ്ലി പാസ്സാക്കി
ഡോ. രാജേന്ദ്ര പ്രസാദ് ഒപ്പുവച്ചു.
ഇതിന്റെ 15 അനുച്ഛേദങ്ങൾ ഉടനടി പ്രാബല്യത്തിൽ വന്നു.
1950 ജനുവരി 26 ന് ഇന്ത്യ സ്വതന്ത്ര, ജനാധിപത്യ,
പരമാധികാര രാഷ്ട്രമായി പ്രഖ്യാപിച്ചതോടെ ശേഷിച്ച
അനുച്ഛേദങ്ങളും നിലവിൽ വന്നു.



## നവംബർ 26 ഭരണഘടനദിനമായും ജനുവരി 26 റിപ്പബ്ലിക് ദിനമായും നാം ആചരിക്കുന്നു.

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




**ഇന്ത്യയിലെ കച്ചവട ഉപരിവർഗം തങ്ങളുടെ വാണിജ്യാവശ്യങ്ങളെയും മൂലധന താത്പര്യങ്ങളെയും മുൻനിറുത്തി ബ്രിട്ടീഷുകാർക്കെതിരായി കൊണ്ടുവന്ന ദേശീയതാ സങ്കല്പം**

**ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തിലകന്റെയും അരവിന്ദഘോഷിന്റെയുമൊക്കെ നേതൃത്വത്തിൽ ആവിഷ്കരിക്കപ്പെട്ട മതാത്മകമായ ദേശീയതാ സങ്കല്പം**

## ഇവയെ തള്ളിക്കളഞ്ഞ് ജനകീയവും സാമ്രാജ്യവിരുദ്ധവുമായ ദേശീയതയാണ് ഭരണഘടന രാഷ്ട്രത്തിനായി സ്വീകരിച്ചത്.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.






**പലതിനെയും ഒഴിവാക്കുക എന്നതല്ല,
മറിച്ച് എല്ലാത്തിനെയും ഉൾക്കൊള്ളുക,
വൈവിധ്യങ്ങളെ അംഗീകരിക്കുക
എന്നതാണ് അതിന്റെ സത്ത.**

**ഒപ്പം, സാമ്രാജ്യവിരുദ്ധവുമാണത്.**

**ഇതാണ് ഇന്ത്യ എന്ന ആശയമായി
ഭരണഘടനാനിർമാതാക്കളിലേക്കെത്തിയത്.**

**അത്തരത്തിലൊരു ദേശീയത
ഏതെങ്കിലും ഒരു മതത്തേയോ
ഭാഷയെയോ നിരസിക്കുന്നില്ല.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ
ശാസ്ത്ര
സാംസ്കാരിക
ഉത്സവം

നാളെയാവുകിൽ
ഏറെ വൈകിടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




## THE CONSTITUTION OF INDIA

### PREAMBLE

**WE, THE PEOPLE OF INDIA,** *having solemnly resolved to constitute India into a* [1]**[SOVEREIGN, SOCIALIST SECULAR DEMOCRATIC REPUBLIC]** *and to secure to all its citizens:*

**JUSTICE,** *social, economic and political;*

**LIBERTY** *of thought, expression, belief, faith and worship;*

**EQUALITY** *of status and of opportunity; and to promote among them all*

**FRATERNITY** *assuring the dignity of the individual and the* [2]*[unity and integrity of the Nation];*

**IN OUR CONSTITUENT ASSEMBLY** *this twenty –sixth day of November, 1949 do* **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

1. Subs. by the Constitution ( Forty-second Amendment) Act, 1976, Sec.2, for "Sovereign Democratic Republic" (w.e.f.3.1.1977)
2. Subs. by the Constitution ( Forty-second Amendment) Act, 1976, Sec.2, for "Unity of the Nation" (w.e.f.3.1.1977)

## ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു
**പരമാധികാര, സ്ഥിതിസമത്വ, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി**
സംവിധാനം ചെയ്യുവാനും
അതിലെ പൗരന്മാർക്കെല്ലാം
സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ
**നീതിയും**
ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും
മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള
**സ്വാതന്ത്ര്യവും**
പദവിയിലും അവസരത്തിലും
**സമത്വവും**
സംപ്രാപ്തമാക്കുവാനും
അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തിക്കൊണ്ട്
**സാഹോദര്യം**
പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ,
നമ്മുടെ ഭരണഘടനാനിർമാണസഭയിൽ
ഈ 1949 നവംബർ ഇരുപത്തിയാറാം ദിവസം
ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും
നിയമമാക്കുകയും നമുക്കുതന്നെ
പ്രദാനം ചെയ്യുകയും ചെയ്യുന്നു.

# ജനാഭിലാഷത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രം എങ്ങനെയാകണമെന്നതിന്റെ അന്തഃസത്ത മുഴുവൻ ആറ്റിക്കുറുക്കിയതാണ് നമ്മുടെ ഭരണഘടനയുടെ ആമുഖവാചകം.

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.







# We, The People Of India

**നേതാക്കൾക്കോ ഭരണകൂടത്തിനോ അല്ല,
രാഷ്ട്രത്തെ സംബന്ധിച്ചടത്തോളം
പരമമായ സ്ഥാനം ജനങ്ങൾക്കാണ്
എന്നത് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം
ഭരണഘടയുടെ ആമുഖം ഉദ്ഘോഷിക്കുന്നു.**



കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**






**വാസ്തവത്തിൽ മതാത്മകമായ ദേശീയതാബോധം വളർത്തി ഇന്ത്യയെ മതരാഷ്ട്രമാക്കുന്നതിന് വർഗീയ വാദികൾ ഭരണഘടനാ രൂപീകരണവേളയിൽ ശക്തമായി ശ്രമിച്ചിരുന്നു എന്നത് ചരിത്രം വ്യക്തമാക്കുന്നു.**

**എന്നാൽ ദേശീയപ്രസ്ഥാനത്തിൽ അതിനെതിരായ പൊതുബോധം ശക്തമായിരുന്നതുകൊണ്ട് അത്തരം വാദങ്ങൾ തള്ളിക്കളയപ്പെടുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന, ബഹുസ്വരതയെ അംഗീകരിക്കുന്ന ഒരു രാഷ്ട്രമായി ഇന്ത്യയെ രൂപപ്പെടുത്തുകയുമായിരുന്നു.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




**സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതി, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും നിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യം, പദവിയിലും അവസരത്തിലും ഉള്ള സമത്വം ,വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം - ഇവയെ നമ്മുടെ രാഷ്ട്രം പാലിക്കേണ്ട അടിസ്ഥാന മൂല്യങ്ങളായി നമ്മുടെ ഭരണഘടനാ ശില്പികൾ, വിശേഷിച്ചും അംബേദ്കർ, കരുതുന്നു.**



“ നീതി എന്നതിൽ വാസ്തവത്തിൽ സമത്വവും മതേതരത്വവും ഉൾക്കൊള്ളുന്നു. ഇവയില്ലാതെ നീതി എന്ന ആശയത്തിന് നിലനില്പില്ല

സാമൂഹികവും രാഷ്ട്രീയവുമായ നീതി എന്നതിൽ മതേതരത്വവും, സാമ്പത്തികമായ നീതി എന്നതിൽ സോഷ്യലിസ്റ്റ് സങ്കല്പനവും ഉൾച്ചേർന്നിരിക്കുന്നു

*-ഡോ.ബി.ആർ അംബേദ്കർ.* ”

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




Global Hunger Index

117 രാജ്യങ്ങൾക്കിടയിൽ
102-ാം സ്ഥാനം

ജനസംഖ്യയുടെ 14%
പേർ പോഷകാഹാരക്കുറവ്
അനുഭവിക്കുന്നു

The State of Food Security and Nutrition in the World



# ഇന്ത്യ

80%

ഇന്ത്യയിലെ ദരിദ്രരിൽ
80 % ജീവിക്കുന്നത്
ഗ്രാമങ്ങളിലാണ്

2 ലക്ഷത്തോളം
അഭയാർത്ഥികൾ

**എന്നാൽ സമത്വം നീതിയും
സാഹോദര്യവും അകലുന്ന സാഹചര്യമാണ്
സമകാലീന ഇന്ത്യയിൽ**

**രാജ്യം പട്ടിണി സൂചികയിൽ
വീണ്ടും വീണ്ടും പിന്നാക്കം പോകുന്നു.
അസമത്വം വർധിക്കുന്നു.**

**നമ്മുടെ ശതകോടീശ്വരൻമാരുടെ എണ്ണം
2000ൽ ഒമ്പതായും 2017 ൽ 100 ആയും
2019 ൽ 119 ആയും വർധിച്ചിരിക്കുന്നു.**

**പട്ടിണി സൂചിക അളക്കുന്ന
ഓക്സ്ഫാം ഇൻറർനാഷണലിന്റെ
ഏറ്റവും പുതിയ കണക്കുപ്രകാരം
രാജ്യത്ത് വരുമാനത്തിൽ ഏറ്റവും മുകളിലുള്ള
പത്തു ശതമാനത്തിന്റെ കൈയിലാണ്
സമ്പത്തിന്റെ 77 ശതമാനവും.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




# IF INDIA'S LAND WERE DIVIDED LIKE INDIA'S WEALTH




**കോടിക്കണക്കിനാളുകൾ തൊഴിൽരഹിതരാവുന്നു. തൊഴിലുള്ളവരുടെ ആപേക്ഷിക വരുമാനം ഇടിയുന്നു. കൃഷി വലിയതോതിൽ നഷ്ടത്തിലാകുമ്പോഴും കർഷകരുടെ ജീവിതം കൂടുതൽ കൂടുതൽ ദുരിതത്തിലാക്കുന്ന നിയമങ്ങളും നയങ്ങളും അടിച്ചേല്പിക്കപ്പെടുന്നു.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം
നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.






**പൊതുമേഖലാസ്ഥാപനങ്ങൾ തുച്ഛവിലയ്ക്ക്
സമ്പന്നർക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.
കോർപ്പറേറ്റുകളുടെ വൻ കുടിശ്ശികകൾ
എഴുതിത്തള്ളപ്പെടുന്നു.
ഇതുവരെയായി എഴുതിത്തള്ളിയത്
എട്ടു ലക്ഷം കോടിയെന്ന് സർക്കാർ കണക്കുകൾ.**

**അതേസമയം സാധാരണക്കാരൻ
വായ്പാഭാരംകൊണ്ട് വീർപ്പുമുട്ടുന്നു.
അവരുടെ സബ്സിഡി നിറുത്തലാക്കപ്പെടുന്നു.**

**ഏറ്റവും താഴെക്കിടയിലുള്ള 6.7 കോടി ജനങ്ങൾക്ക്
അവരുടെ വരുമാനത്തിന്റെ വർധന
വെറും ഒരു ശതമാനം മാത്രം.**

## പിന്നെ എവിടെയാണ് സമത്വം?

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം
നാളെയാവുകിൽ ഏറെ വൈകീടും

## ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.







**ഭരണഘടനാ മൂല്യങ്ങൾ ഭരണഘടനയിലെ ലിഖിത രേഖകളായിരുന്നാൽ പോരാ, അത് ജനജീവിതത്തിൽ അനുഭവവേദ്യമാകണം, അല്ലാത്ത പക്ഷം അതൊരു ജഡരേഖയായി മാറുമെന്ന് അംബേദ്കർ ഉൾപ്പെടെയുള്ള ഭരണഘടനാ ശില്പികൾ സൂചിപ്പിച്ചിട്ടുണ്ട്.**

**ആ പ്രമാണത്തിന്റെ മൂല്യങ്ങളെ നമ്മുടെ കാലത്തിലേക്ക് കൊണ്ടുവരുകയും നമ്മുടെ കാലത്തിനനുസരിച്ച് വികസിപ്പിക്കുയും ചെയ്യേണ്ടതുണ്ട്.**
**അപ്പോഴേ അത് നമ്മുടെ കാലത്തോട് സംവാദാത്മകമായി ബന്ധപ്പെടൂ.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്



''സാമൂഹിക ജനാധിപത്യമില്ലാതെ രാഷ്ട്രീയ
ജനാധിപത്യത്തിന് നിലനില്പില്ല.
ജനാധിപത്യമെന്നത് ഒരു ജീവിതശൈലിയാണ്.
സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം
എന്നിവയില്ലെങ്കിൽ ജനാധിപത്യം.
അർത്ഥമില്ലാത്തതാകും''

**ഡോ.അംബേദ്കർ 1949 നവംബർ 25 നു നടത്തിയ**
**പ്രസംഗത്തിൽ നിന്ന്**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം
നാളെയാവുകിൽ ഏറെ വൈകിടും

ഭരണഘടനാമൂല്യങ്ങൾ
സംരക്ഷിക്കാം.






**സമത്വത്തിന്റെ അഭാവത്തിൽ**
**സ്വാതന്ത്ര്യമെന്നത് മഹാഭൂരിപക്ഷത്തിനുമേൽ**
**ചുരുക്കം ചിലർക്ക് കൈവരുന്ന**
**പരമാധികാരമായി മാറുമെന്ന്**
**അംബേദ്കർ സൂചിപ്പിച്ചു.**
**അതാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നത്.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**



**'എല്ലാവർക്കും ഒരു വോട്ട്,**
**ഒരു വോട്ടിന് ഒരു മൂല്യം**
**എന്ന വ്യവസ്ഥയിലേക്ക്**
**നാം പ്രവേശിക്കുകയാണ്.**
**എന്നാൽ എല്ലാവർക്കും ഒരു വോട്ട്,**
**എല്ലാവർക്കും ഒരേ മൂല്യം**
**എന്ന വ്യവസ്ഥയിലേക്ക് എത്താൻ**
**ഇനിയുമെത്രയോ കാതങ്ങൾ**
**നാം സഞ്ചരിക്കണം.**
**ഭരണഘടന ലക്ഷ്യം വയ്ക്കുന്ന**
**ഒരു സമൂഹത്തിന്റെ ആദർശാത്മക ഭാവം അതാണ്.**
**അങ്ങനെയൊരു കാലത്തിലേക്ക്**
**നടന്നുചെല്ലാൻ നമുക്കാകുന്നില്ലെങ്കിൽ**
**നാമുണ്ടാക്കിയ ഈ ഭരണഘടനയ്ക്ക്**
**ഏറെക്കാലമൊന്നും അർഥപൂർണമായി**
**നിലനിൽക്കാൻ കഴിയുകയില്ല.'**

***ഡോ.ബി.ആർ.അംബേദ്കർ***

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്




**നിർഭാഗ്യവശാൽ 70 വർഷങ്ങൾ കഴിയുമ്പോൾ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന പലമൂല്യങ്ങളും കൂടുതൽ കൂടുതൽ ദുർബലപ്പെടുന്നു.**

**പുറമേക്ക് ഭരണഘടനയെ പിടിച്ച് ആണയിടുന്നവർ പലരും വളരെ ആസൂത്രിതമായി ഭരണഘടനയുടെ അടിവേരുകൾ ഓരോന്നായി അറുത്തുമാറ്റുകയാണ്.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**




## ഒരിക്കൽ ഭരണഘടന നിരസിച്ച മൂല്യ വ്യവസ്ഥകൾ പിൻവാതിലിൽകൂടി പടികടന്നു വരികയാണ്.

## ഭരണഘടനയുടെ യഥാർഥ അന്തഃസത്തയെ ഉയർത്തിപ്പിടിക്കുന്നവർ ദേശവിരുദ്ധരും അത് ഒരിക്കൽ നിരസിച്ച മൂല്യവ്യവസ്ഥകളെ ഒളിച്ചു കടത്താൻ ശ്രമിക്കുന്നവർ ദേശസ്നേഹികളുമാകുന്ന വിരോധാഭാസം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**



**ബഹുസ്വരതയെയും വൈവിധ്യത്തെയും എല്ലാവരെയും ഉൾക്കൊള്ളാനുള്ള ശേഷിയെയും (inclusiveness) അംഗീകരിക്കാൻ ഭരണഘടന സ്വീകരിച്ചത് ഫെഡറലിസമാണ്.**

**കേന്ദ്രത്തിനും പ്രവിശ്യാ സർക്കാരുകൾക്കും തമ്മിലുള്ളത് കീഴ്മേൽ ബന്ധമോ പാട്ടക്കുടിയായ്മ ബന്ധമോ അല്ല. കേന്ദ്രം പ്രതിരോധം, ധനകാര്യം, വാർത്താ വിനിമയം, റെയിൽവേ തുടങ്ങിയവ പോലുള്ള പൊതു വിഷയങ്ങളിൽ അധികാരം കൈയാളുമ്പോൾ തദ്ദേശീയമായ കാര്യങ്ങളിൽ സംസ്ഥാനങ്ങൾ അധികാരം കൈയാളുന്നു. ഏറ്റവും പ്രാദേശിക കാര്യങ്ങളിൽ പ്രാദേശിക സർക്കാരുകളും.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**







**എന്നാൽ ഇപ്പോൾ സംസ്ഥാന വിഷയങ്ങളിൽ പാർലമെന്റിൽ ചർച്ചയില്ലാതെ നിയമം പാസ്സാക്കുന്നു. തീരുമാനങ്ങളെടുക്കുന്നു. കൃഷി, ധനകാര്യം, വിദ്യാഭ്യാസം പോലുള്ള പല സംസ്ഥാന വിഷയങ്ങളിലും അത്തരം നടപടികളുണ്ടാവുന്നു.**

# ഇവിടെ ഫെഡറലിസവും ജനാധിപത്യവും പരാജയപ്പെടുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**






**വിദ്യാഭ്യാസം സംസ്ഥാന വിഷയമാണ്. എന്നാൽ 2020 ലെ വിദ്യാഭ്യാസ നയപ്രകാരം പ്രൈമറി മുതൽ ഗവേഷണം വരെ കേന്ദ്രം തീരുമാനിക്കുന്നു.**

**സംസ്ഥാനങ്ങളോടാലോചിക്കാതെ പല നിയമങ്ങളും പാസ്സാക്കപ്പെടുന്നു.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്




**കർഷകരും തൊഴിലാളികളുമുൾപ്പെടെ
കാശ്മീർ മുതൽ കന്യാകുമാരിവരെ
ജനസാമാന്യത്തെ ബാധിക്കുന്ന
പലകാര്യങ്ങളിലും അവരോട്
ആലോചിക്കാതെ തീരുമാനങ്ങളെടുക്കുന്നു.**

## ജനാധിപത്യം
### ഒരു ജീവിതശൈലിയാകണമെന്ന്

**അംബേദ്കർ പറഞ്ഞുവെങ്കിൽ ഇവിടെ
പേരിനു നിലനിൽക്കുന്ന ജനാധിപത്യം
പോലും തകർക്കപ്പെടുന്നു.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.







**വിയോജിക്കാനുള്ള സ്വാതന്ത്ര്യം,**
**വിമർശിക്കാനുള്ള സ്വാതന്ത്യം,**
**ഇവയെല്ലാമാണ് ജനാധിപത്യത്തിന്റെ കാതൽ.**
**പക്ഷേ ഇവിടെ എതിർശബ്ദങ്ങളെ**
**നിശബ്ദമാക്കുകയും**
**അതു പ്രകടിപ്പിക്കുന്നവരെ**
**ഇല്ലാതാക്കുകയും**
**ചെയ്യുന്ന കാലത്ത് ജനാധിപത്യം**
**എങ്ങനെ പ്രവർത്തിക്കും?**



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്



**ജനാധിപത്യമതേതര മൂല്യങ്ങളിലുറച്ച**
**ഒരു ഇന്ത്യൻ സമൂഹത്തിനും**
**ഭരണക്രമത്തിനും തുടക്കമിടാൻ**
**ഭരണഘടനാ ശില്പികൾക്ക് കഴിഞ്ഞു.**

**ആ സാഹചര്യത്തെ തകർത്ത്**
**പഴയ സവർണാധിപത്യവും**
**അതിന്റെ അധികാരരൂപങ്ങളും**
**തിരികെക്കൊണ്ടുവരിക**
**എന്ന അജണ്ടയാണിന്നു നടപ്പാക്കുന്നത്.**

**ഓരോ പ്രദേശത്തും അതിനുപറ്റിയ**
**കർമപദ്ധതികൾ**
**രൂപപ്പെടുത്തുക എന്നതാണ്**

ജനകീയ
ശാസ്ത്ര
സാംസ്കാരിക
ഉത്സവം

നാളെയാവുകിൽ
ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ
സംരക്ഷിക്കാം.**







## ഭരണഘടന സാഹോദര്യം പറയുന്നു. അതിനുപകരം പൗരത്വമുൾപ്പെടെ പല മാർഗങ്ങളിലൂടെ മനുഷ്യരെ തമ്മിലകറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നു.




കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്







**അതിനായി മാധ്യമങ്ങളെയുൾപ്പെടെ
പ്രൊപ്പഗാൻഡാ മെഷിനറികണറികളാക്കി
പലതരം നുണകൾ നാടാകെ
പ്രചരിപ്പിക്കുകയാണ്.**

ഹിന്ദുത്വം അപകടത്തിലാണ്
എന്നതാണ് അത്തരത്തിൽ
പ്രചരിപ്പിക്കപ്പെടുന്ന ഒന്ന്.
നിഷ്കളങ്കരായ മതവിശ്വാസികളെ
തെറ്റിദ്ധരിപ്പിച്ച് ഇതരമതസ്ഥരെ
ശത്രുവാക്കി, അതുവഴി അധികാരവും
മതാത്മക ദേശീയതയും
സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം.



പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വതന്ത്രാന്തരിക്ഷം ഇല്ലാതാക്കുന്നു. റിസർവ് ബാങ്ക്, ഇലക്ഷൻ കമ്മീഷൻ, കോടതികൾ തുടങ്ങി സ്വതന്ത്ര സ്വഭാവമുള്ള ഭരണഘടനാ സ്ഥാപനങ്ങൾ പോലും നിയന്ത്രിക്കപ്പെടുന്നു.

സംസ്ഥാനങ്ങൾക്കുമേൽ ധനപരമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന, പൗരത്വ നിയമങ്ങളിലേക്ക് മതത്തെ കൂട്ടിക്കലർത്തി ഭരണഘടനയുടെ സെക്യുലർ സ്വഭാവത്തെ തകർക്കുന്ന അവസ്ഥ സൃഷ്ടിക്കുന്നു.



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**







**അഭിപ്രായ പ്രകടന സ്വാതന്ത്ര്യം ഭരണഘടനയിൽ മൗലികാവകാശമാക്കിയിട്ടുള്ള രാജ്യത്താണ് ഗുലാം അലിക്ക് പാടാൻ കഴിയാത്ത, എം.എഫ്.ഹുസൈന് വരയ്ക്കാൻ കഴിയാതെ രാജ്യം വിടേണ്ടിവന്ന, ജനങ്ങൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാൻ കഴിയാത്ത, പെരുമാൾ മുരുകന് എഴുതാൻ കഴിയാത്ത, ദിശ രവിക്ക് അഭിപ്രായം പറയാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നത്.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




51A[h]

It shall be the duty of every citizen of India to develop the scientific temper, humanism and the spirit of inquiry and reform.
It shall be the duty of every citizen of India to abide by the Constitution and respect its ideals and institutions, the National Flag and the National Anthem.

## ഇന്ത്യൻ ഭരണഘടന മൗലിക കടമകളിൽ നിന്നും

ആർട്ടിക്കിൾ 51 A (h) പ്രകാരം

ശാസ്ത്രാഭിരുചിയും
മാനവികതയും
അന്വേഷണ ത്വരയും
പരിഷ്കരണബോധവും വളർത്തുക
എന്നത് ഇന്ത്യയിലെ ഏതൊരു
പൗരന്റേയും കടമയാണ്

**ഭരണഘടനയുടെ 51 A (h) അനുച്ഛേദം പറയുന്നത് രാജ്യത്തെ ജനങ്ങളിൽ ശാസ്ത്രബോധം വളർത്തണമെന്നതാണ്.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.**










**പക്ഷേ, കോവിഡിന്
ഗോമൂത്രചികിത്സ നിർദേശിക്കുന്ന,
സയൻസ് കോൺഗ്രസിൽ
ഭരണാധികാരികൾ തന്നെ
പുരാണങ്ങളിൽ പ്ലാസ്റ്റിക് സർജറിയും
ടെസ്റ്റ് ട്യൂബ് ജനനവും
ഉണ്ടായിരുന്നുവെന്ന
പ്രബന്ധം അവതരിപ്പിക്കുന്ന,
പഞ്ചഗവ്യ ഗവേഷണങ്ങൾ
ശാസ്ത്രഗവേഷണമാക്കുന്ന,
പശു ഓക്സിജൻ ശ്വസിച്ച്
ഓക്സിജൻ തന്നെ
പുറത്തുവിടുന്നുവെന്നു പണ്ഡിതശ്രേഷ്ഠരെന്ന്
ധരിക്കുന്ന ചിലർ പോലും പറയുന്ന.....**

## ഇങ്ങനെ നൂറു നൂറു തരം അബദ്ധങ്ങൾ പൊതുധാരണകളാക്കുന്ന രാജ്യത്തെങ്ങനെ ശാസ്ത്രബോധം വളരും?

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




**മതം കൂടുതൽ പരിഗണനാവിഷയമായ വിഭജനകാലത്തുപോലും ഭരണഘടനാ അസംബ്ലിയിൽ മതം വിഷയമായിരുന്നില്ല.**

**എന്നാൽ ഇപ്പോൾ മതത്തെ പൗരത്വത്തിന്റെ മാനദണ്ഡമാക്കി മതരാഷ്ട്രയുക്തി ഭരണഘടനയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു.**

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.







# രാജ്യം ഭരണഘടനാ മൂല്യങ്ങളിൽ നിന്ന് ബഹുകാതം പുറകോട്ടു പോകുന്നു

## ഇതിനെ ചെറുക്കേണ്ടത് ജനാധിപത്യ, മതനിരപേക്ഷ, നീതിനിഷ്ഠ സമൂഹമായി രാജ്യത്തെ നിർത്തണമെന്ന് ആഗ്രഹിക്കുന്ന രാജ്യസ്നേഹികളുടെ കടമയാണ്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും




ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.




**ഭരണഘടനാ മൂല്യങ്ങൾ**
**നമുക്ക് സംരക്ഷിക്കാം**
**മതേതരമായ, ജനാധിപത്യമുള്ള,**
**സ്ഥിതിസമത്വം സാമൂഹിക നീതിയും**
**സാഹോദര്യവും സ്വാതന്ത്ര്യവുമുള്ള**
**ഒരു ഇന്ത്യയ്ക്കായി ഒറ്റക്കെട്ടാകാം.**

## ഇന്ത്യ പെറ്റ മക്കൾ
## നമ്മളെന്നുമൊന്ന്...

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.






# ഒരു ജാതി
# ഒരു മതം
# ഒരു ദൈവം
# മനുഷ്യന്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജനകീയ ശാസ്ത്ര സാംസ്കാരിക ഉത്സവം

നാളെയാവുകിൽ ഏറെ വൈകീടും

ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കാം.







# മറു ഭാഗത്തുള്ളവരെ കേൾക്കാൻ നാം തയ്യാറാകുന്നില്ലെങ്കിൽ ജനാധിപത്യത്തിലേക്കുള്ള പരിണാമം സംഭവിക്കില്ല.

*-മഹാത്മാ ഗാന്ധി*

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്




**സോഷ്യലിസം എന്നത്
ഒരു ജീവിത രീതി മാത്രമല്ല,
സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളുടെ
പരിഹാരത്തിന് ഒരു സുനിശ്ചിതമായ
ശാസ്ത്രീയ സമീപനവും കൂടിയാണ്..**

**-ജവഹർലാൽ നെഹ്റു**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്




**ഇന്ത്യ മൗലികമായും
ഒരു ബഹു ദേശീയ സമൂഹമാണ്.
സംസ്ഥാനങ്ങൾക്ക് വിപുലമായ
സ്വയംഭരണാധികാരം
നല്കിക്കൊണ്ടുള്ള ശരിയായ
ഒരു ഫെഡറേഷനിലൂടെ
മാത്രമേ അതിന്റെ ഐക്യവും
ഉദ്ഗ്രഥനവും കാത്തുരക്ഷിക്കാൻ
കഴിയുകയുള്ളൂ.**

**–ഇ. എം. എസ്.**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്




കേരള ശാസ്ത്രസാഹിത്യ
പരിഷത്ത് പുറത്തിറക്കിയ
ലഘുലേഖ വായിക്കാം

ജനകീയ
ശാസ്ത്ര
സാംസ്കാരിക
ഉത്സവം

**നാളെയാവുകിൽ**
**ഏറെ വൈകീടും**

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്